*With Best Compliments*
*from*

ABHI HOSPITAL
AND
TRAUMA CENTRE

MULTI SPECIALITY SECONDARY LEVEL
MEDICAL CARE CENTRE
UNIT OF - ABHI HOSPITAL PVT. LTD.

330, Gyan Khand-I, Indirapuram, Ghaziabad (U.P.)
Ph. : 95120-2605269 (M) 9873019444



## MESSAGE FROM SOUVENIR CONVENER



സഹൃദയരേ,

1999 ലെ ഒരു സായാഹ്നത്തിൽ ഇന്ദിരാപുരത്തെ വളരെ ചുരുങ്ങിയ ഏതാനും അംഗങ്ങളുടെ കൂട്ടായ്മയിൽ രൂപീകൃതമായ നമ്മുടെ മലയാളി അസോസിയേഷൻ, ഇന്ദിരാപുരത്തി ന്റെ പത്താമത് വാർഷികവും ഓണവും ആഘോഷിക്കുന്ന ഈ വേളയിൽ, ഇവിടെയുള്ള ഏതാനും ഫ്ലാറ്റുകളിലും സിറ്റിയിലും റിവേറകളിലുമായി ചിതറിക്കിടക്കുന്ന മലയാളി കുടുംബാംഗങ്ങളുടെ സഹായ സഹകരണ സാന്നിദ്ധ്യം കൊണ്ട് വളർച്ചയുടെ പടവുകൾ കയറി നിൽക്കുന്ന നമുക്കുവേണ്ടി നമ്മുടെ 9 -ാമത്തെ ഈ സുവനീർ പ്രസിദ്ധീകരിക്കുന്നതിൽ വളരെ വളരെ സന്തോഷമുണ്ട്. ഈ അവസരത്തിൽ നമ്മുടെ സംഘടനയെ വളർച്ചയിലേക്കു മാത്രം നയിച്ചുകൊണ്ടിരുന്ന പഴയപ്രവർത്തക അംഗങ്ങളെയും അതിലുപരി നമ്മുടെ എല്ലാ അംഗങ്ങളെയും പ്രത്യേകം പ്രത്യേകം ഓർമ്മിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഈ കമ്മറ്റിയുടെ ജോയിൻറ് ട്രഷറാർ സ്ഥാനവും അതിലുപരി സുവനീർ കമ്മറ്റി കൺവീനർ എന്ന പദവിയും എനിക്ക് നൽകിയിട്ടുണ്ടെങ്കിലും ഈ സുവനീർ പ്രസിദ്ധീകരിക്കുവാനും ഇതിനുവേണ്ടി പരസ്യങ്ങൾ, സാഹിത്യസൃഷ്ടികൾ എന്നിവ ശേഖരിച്ച് തയ്യാറാക്കുവാനും പ്രിൻറിംഗ് പ്രസിൽ പോകുവാനുമായി രാത്രിയെന്നോ, പകലെന്നോ ഇല്ലാതെ അഹോരാത്രം പരിശ്രമിച്ച നമ്മുടെ ബഹുമാന്യനായ പ്രസിഡൻറ് ശ്രീ ബിജു തങ്കപ്പനോടും, സെക്രട്ടറി, ട്രഷററർ, കമ്മറ്റി അംഗങ്ങൾ എന്നിവരോടും പരസ്യങ്ങൾ ലഭിക്കുവാൻ കൂടെ പ്രവർത്തിച്ച എല്ലാ അംഗങ്ങളോടും ഈയവസരത്തി ൽ ഞാനെന്റെ സന്തോഷവും നന്ദിയും പ്രകടിപ്പിക്കുന്നു.

ഈ സുവനീർ പ്രസിദ്ധീകരിക്കുവാൻ പരസ്യങ്ങൾ നൽകി സഹായിച്ച എല്ലാ മാന്യ മെമ്പർമാർക്കും നാട്ടുകാർക്കും, കമ്പനികൾക്കും ഈയവസ രത്തിൽ ഞാനെന്റെ പ്രത്യേകം നന്ദിയും കൃതാർത്ഥതയും അറിയിക്കുന്നു.

സ്നേഹപൂർവം,

സുവനീർ കമ്മറ്റിക്കുവേണ്ടി,

**ഏ.എസ്. നീലകണ്ഠൻ (ഹരി)**
**കൺവീനർ**